**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** **25-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എം.യു.പി. സ്കൂൾ ചേന്ദമംഗല്ലൂർ, ജി.എച്ച്.എസ്., പുതുപ്പാടി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ധനസഹായത്തിൽ ജി.എം.യു.പി. സ്കൂൾ, ചേന്ദമംഗല്ലൂർ, ജി.എച്ച്.എസ്., പുതുപ്പാടി എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള എസ്.പി.വി യെ മാറ്റി നിയമിക്കുന്നതിലുണ്ടായ കാല താമസമാണ് കെട്ടിടനിർമ്മാണം ആരംഭിക്കാൻ സാധിക്കാതെ വന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജി.എം.യു.പി.എസ് ചേന്ദമംഗലൂർ, ജി.എച്ച്. എസ്.എസ് പുതുപ്പാടി എന്നീ സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതികളുടെ എസ്.പി.വി. ആരാണെന്ന് അന്തിമമായി തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവർത്തികളുടെ എസ്.പി.വിയായി നിലവിൽ കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സാങ്കേതിക കാരണങ്ങൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് എസ്.പി.വിയായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ